# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1799 04-05-2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>കറൻസി നോട്ടിന്റെ ക്ഷാമം</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ കറൻസി നോട്ടിന്റെ ക്ഷാമം പരിഹരിക്കുന്നതിന് ധനവകുപ്പ് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെ ; | ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആവശ്യപ്പെടുന്ന പണം ആർ.ബി.ഐ., എസ്.ബി.ഐ., എന്നിവയിൽനിന്ന് ട്രഷറികൾക്ക് ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ. |
| (സി) | പ്രതിസന്ധി മറികടക്കാൻ ചില വകുപ്പുകൾ ബാങ്കിൽ അടച്ചിരുന്ന പണം ട്രഷറിയിൽ അടക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായോ ; | ഉണ്ട്. 2017 ഏപ്രിൽ 28 വരെ ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവിടങ്ങളിൽ നിന്നും ട്രഷറിയിൽ നിക്ഷേപിച്ച തുക താഴെ പറയും പ്രകാരമാണ് |
| (ഡി) | എങ്കിൽ ഏതൊക്കെ വകുപ്പുകളോടാണ് ഇപ്രകാരം നിർദ്ദേശിച്ചത് ; എത്ര തുക അവർ ഇതിനകം ട്രഷറിയിൽ നിക്ഷേപിച്ചെന്ന് വ്യക്തമാക്കുമോ ; | ബിവറേജസ് കോർപ്പറേഷൻ - 74.12 കോടി<br>കെ.എസ്.എഫ്.ഇ - 339.66 കോടി<br>ലോട്ടറി — 102.80 കോടി |
| (ഇ) | പുതിയ സംവിധാനത്തിൽ ട്രഷറികളിൽ ഉണ്ടായേക്കാവുന്ന ജോലിത്തിരക്ക് ലഘൂകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | പുതിയ സംവിധാനത്തിൽ ട്രഷറികളിൽ ഉണ്ടായേക്കാവുന്ന തിരക്ക് ലഘൂകരിക്കുന്നതിനായി പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തുകയും അവധി ദിവസങ്ങൾ ഉൾപ്പെടെ പണം സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**